# KERALA POLICE INFORMATION CENTRE

Ph: 0471 2318188    Email: *info.pol@kerala.gov.in*


No.54/PR/PIC/PHQ/17    Date : 17.03.2017

---

## മൗലികവാദം തടയുന്നതിൽ കമ്മ്യൂണിറ്റി പോലീസിങിന് അത്ഭുതങ്ങൾ സൃഷ്ടിക്കാനാകും -സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ

മൗലികവാദം തടയുന്നതിൽ കമ്മ്യൂണിറ്റി പോലീസിങിന് അത്ഭുതങ്ങൾ സൃഷ്ടിക്കാനാകുമെന്നും, പൊലീസിങിലെ പൊതുജന പങ്കാളിത്തം സുരക്ഷിതത്വബോധവും സഹവർത്തിത്വവും വളർത്തുമെന്നും നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു. കോവളത്ത് നടന്ന കമ്മ്യൂണിറ്റി പോലീസിങ് ദേശീയ സമ്മേളനത്തിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചാണക്യന്റെ അർഥശാസ്ത്രത്തിൽ 2300 വർഷം മുമ്പ് കമ്മ്യൂണിറ്റി പോലീസിങിന്റെ പ്രസക്തി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ജനങ്ങളും കച്ചവടക്കാരും വിദ്യാർഥികളുമായി പോലീസ് സമ്പ്രദായത്തിന്റെ ആശയവിനിമയത്തിന്റെ ആവശ്യകതയാണ് അദ്ദേഹം പറഞ്ഞത്.

എല്ലാവിധത്തിലുമുള്ള വികാസമായിരിക്കണം ജനാധിപത്യം. പുരോഗമനപരമായ ജനാധിപത്യസമ്പ്രദായത്തിൽ പരമ്പരാഗത പോലീസ് ശൈലികൾ മാത്രം പിന്തുടരുന്നത് ഉചിതമാകില്ല. സമൂഹവും പോലീസും തമ്മിലുള്ള അർഥപൂർണമായ ഇടപെടലിന് വഴിവെക്കുന്ന കമ്മ്യൂണിറ്റി പോലീസിങ്, സുരക്ഷിതമായ ജനാധിപത്യ അടിത്തറ ഒരുക്കാൻ അനിവാര്യമാണ്. നിയമങ്ങൾ ഏകപക്ഷീയമായി അടിച്ചേൽപ്പിക്കുന്ന പരമ്പരാഗത പോലീസ് ശൈലിക്ക് ഇതൊരു ബദലാണ്. യാന്ത്രികമായ പഴയശൈലിയെ കൂടുതൽ ജനാധിപത്യവത്കരിക്കാൻ ഇത് സഹായിക്കും.

ജനമൈത്രീ സുരക്ഷാപദ്ധതി ഒട്ടേറെ പുതിയ മേഖലകളിൽ മികവറിയിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ, ലഹരിക്കെതിരായ പോരാട്ടം, സ്ത്രീസുരക്ഷാ തുടങ്ങിയവ ഉദാഹരണങ്ങളാണ്. പോലീസ് എന്നാൽ അധികാരത്തിന്റെ കരാളഹസ്തങ്ങളാണെന്ന തോന്നലുണ്ടാക്കാതെ സുഹൃത്തും, വഴികാട്ടിയുമാകണം. ജനമൈത്രി കേന്ദ്രങ്ങൾക്ക് ഇക്കാര്യത്തിൽ വലിയ പങ്ക് വഹിക്കാനാകുന്നുണ്ട്.

ഇന്നത്തെ സാഹചര്യത്തിൽ, യുവാക്കളും വിദ്യാർഥികളുമാണ് സാമൂഹ്യവിരുദ്ധപ്രവർത്തന ങ്ങളിലേക്ക് വഴുതിവീഴാൻ ഏറെ സാധ്യതയുള്ളത്. തീവ്ര ആശയഗതികളിലേക്ക് വഴുതിവീഴുന്നവർ പലരും ടെക്നോക്രാറ്റുകളും മറ്റുമാണ്. മൗലികവാദവും തീവ്രവാദവും സമൂഹത്തിൽ പ്രശ്നമായി വളരുമ്പോൾ തടയിടുന്നതിൽ കമ്മ്യൂണിറ്റി പോലീസിങ്ങിന് മികച്ച പങ്കുവഹിക്കാനാകുമെന്നും അദ്ദേ ഹം പറഞ്ഞു.

ഡോ. എ. സമ്പത്ത് എം.പി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ പ്രമുഖ മാധ്യമപ്രവർത്ത കൻ പ്രവീൺ സ്വാമി, കോൺഫ്ളിക്ട് മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ട് എക്സിക്യൂട്ടീവ് ഡയറക്ടർ അജ യ് സാഹ്നി എന്നിവർ സംബന്ധിച്ചു. ദക്ഷിണമേഖലാ എ.ഡി.ജി.പി ഡോ.ബി. സന്ധ്യ സ്വാഗതവും ഡി.ഐ.ജി ഷെഫീൻ അഹമ്മദ് നന്ദിയും പറഞ്ഞു.

രണ്ടുദിവസമായി നടന്ന സെമിനാറിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള സാങ്കേതിക വിദഗ്ധർ, ഉന്നത പോലീസ് ഉദ്യോഗസ്ഥർ, അക്കാദമിക് വിദഗ്ധർ, ശാസ്ത്രജ്ഞർ, സാമൂഹികശാസ്ത്രജ്ഞർ, ഗവേഷകർ, നിയമവിദഗ്ധർ, സന്നദ്ധ സംഘടനാ പ്രവർത്തകർ, മാധ്യമ പ്രവർത്തകർ തുടങ്ങിയവർ വിവിധ സെഷനുകളിലായി പങ്കെടുത്തു. 'മൗലിക വാദ-തീവ്രവാദ നിലപാടുകൾ വ്യാപിക്കുന്നത് തടയുന്നതിൽ കമ്യൂണിറ്റി പോലീസിങ്ങിന്റെ പങ്ക്' എന്നതായിരുന്നു സമ്മേളനത്തിന്റെ മുഖ്യവിഷയം. വിവിധ മൗലികവാദ നിലപാടുകൾ നേരിടുന്നതിനുള്ള ബദൽ തന്ത്രങ്ങൾ, മൗലികവാദ നിലപാടുകളും സൈബർ സ്പെയിസും, കമ്യൂണിറ്റി പോലീസിങ്ങിലെ വിജയമാതൃകകൾ തുടങ്ങിയ ഉപവിഷയങ്ങൾ വിവിധ സെഷനുകളിലായി ചർച്ചയായി.

ഉദ്ഘാടനചടങ്ങിനോടനുബന്ധിച്ച് കഴിഞ്ഞദിവസം മികച്ച രീതിയിൽ കമ്മ്യൂണിറ്റി പോലീസിങ് നടപ്പിലാക്കിയ ഒഡീഷ എ.ഡി.ജി.പി സത്യജീത് മൊഹന്തി, പഞ്ചാബ് എ.ഡി.ജി.പി രോഹിത് ചൗധരി, കേരളത്തിൽനിന്ന് ദക്ഷിണമേഖല എ.ഡി.ജി.പി ഡോ. ബി. സന്ധ്യ എന്നിവർ മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്ന് പുരസ്കാരം ഏറ്റുവാങ്ങി.